# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം തുടരുന്നു

കൊല്ലം: ചങ്ങാതിക്കൂട്ടം പരിശീലന പദ്ധതി കൊല്ലം ജില്ലയിൽ വിജയകരമായി തുടരുന്നു. യന്ത്ര സഹായത്തോടെ തെങ്ങുകയറി വരുമാനം നേടാനുള്ള അവസരമാണ് ചങ്ങാതി പരിശീലനത്തിലൂടെ ലഭിക്കുന്നത്. ജില്ലയിൽ പരിശീലനം കഴിഞ്ഞ ചങ്ങാതിമാർക്ക് ദിവസവും 600 രൂപമുതൽ 1500 രൂപവരെ വരുമാനം നേടാൻ സാധിക്കുന്നുണ്ട്. ഇത്തരത്തിൽ സ്ഥിരവരുമാനം ആഗ്രഹിക്കുന്ന 18നും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതിയുവാക്കളെയാണ് പരിശീലനത്തിലേക്ക് ക്ഷണിക്കുന്നത്. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ലാസ് ജയിച്ചിരിക്കണം. ഒരു ബാച്ചിൽ ഇരുപത് പേർക്ക് താമസിച്ചുള്ള പരിശീലനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആറു ദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ ലഭ്യമാണ്. എന്നാൽ മുൻകാലങ്ങളിൽ ബോർഡ് നൽകിയിരുന്ന 150 രൂപ ദിവസബത്ത പരിശീലനാർത്ഥികൾക്ക് ഇനിമുതൽ ലഭിക്കുന്നതല്ല.

കൊല്ലം ജില്ലയിൽ വൈ.എം.സി.എ. യുടെ നേതൃത്വത്തിൽ കൊട്ടിയം പുല്ലിച്ചിറ ക്യാമ്പ് സെൻററിലും കേരള കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരത്തെ കൃഷി വിജ്ഞാൻ കേന്ദ്രത്തിലും നടത്തുന്ന അടുത്ത ബാച്ചിലേക്ക് അപേക്ഷകരെ ക്ഷണിച്ചു. ജില്ലയിൽനിന്ന് നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങൾക്ക് കുറഞ്ഞത് അഞ്ച് ചങ്ങാതിമാരെ പരിശീലനത്തിലേക്ക് തിരഞ്ഞെടുത്തയയ്ക്കാം. ഉത്പാദക സംഘങ്ങളിലേക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാം. യന്ത്രവത്കൃത തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ച് നല്ല വരുമാനം ലഭിക്കാനും അതോടൊപ്പം കേരകർഷകർക്ക് വിളിപ്പാടകലെ സേവനമൊരുക്കാനും താത്പര്യമുള്ള യുവജനങ്ങൾ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണം. മീര (ടെക്നിക്കൽ ഓഫീസർ)-9526328932. അനിൽ (മാസ്റ്റർ ട്രയിനർ) 9447303811. വൈ.എം.സി.എ-0474 2746912.